## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2333
## 14.06.2019- ലെ മറുപടിക്ക്

### വിവിധ സർക്കാർസേവനങ്ങൾക്കുള്ള ഫീസ് വർദ്ധന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | **ഡോ. ടി.എം.തോമസ് ഐസക്**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ സർക്കാർ വകുപ്പുകൾ വഴി പൊതുജനങ്ങൾക്ക് നൽകി വരുന്ന ഇ-സേവനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഇത് എല്ലാ മേഖലകളിലേക്കും കൊണ്ട് വരുന്നതിനാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. |
| (ബി) | അടിക്കടി ജനസേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിക്കുകയും സർക്കാർ സംവിധാനങ്ങൾ സേവനദാതാക്കൾ എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം പൊതുജനങ്ങളിൽ നിന്നും വളരെയേറെ എതിർപ്പുകൾക്കിടയാക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | 2012-ലും 2014-ലും നിലവിൽ വന്ന സേവന നിരക്കുകളിലാണ് നാമമാത്രമായ വർദ്ധനവ് ഇക്കാലയളവിൽ വരുത്തിയിട്ടുള്ളത്. ഏതെങ്കിലും സർക്കാർ വകുപ്പുമായി ബന്ധപ്പെട്ട സേവന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാതിരി ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പൊതുജനങ്ങളിൽനിന്ന് ഈടാക്കുന്ന ഫീസിന്റെ വർദ്ധനവിനനുസരിച്ച് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | സർക്കാർ സേവനങ്ങൾ കൂടുതൽ സുതാര്യമാക്കിയും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. അതിനായി എല്ലാ വകുപ്പുകളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും സർക്കാർ സേവനം കൂടുതൽ മെച്ചപ്പെട്ടതാക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**